## മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഡൽഹി ഭദ്രാസനത്തിന്റെ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ : 46**

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടേയും വികാരിമാരും, ചുമതലക്കാരും, ഇടവക ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിലെ ഇടവകകളിൽ ജനങ്ങളെ ആത്മീയമായി പ്രബുദ്ധരാക്കുന്നതിന് ഭദ്രാസന കൗൺസിലിന്റെ ആലോചനപ്രകാരം ദിവ്യശ്രീമാന്മാരായ പി. റ്റി. കോശി (ഭോപ്പാൽ), അലക്സാണ്ടർ തോമസ് (റാഞ്ചി) എന്നി കശീശ്ശന്മാരെ നമ്മുടെ ഭദ്രാസനത്തിലെ ഇടവകകൾ സന്ദർശിച്ച് ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും, സാക്ഷ്യത്തിനും ഒരുക്കുന്നതിനായി പ്രത്യേകം നിയോഗിക്കുന്നു. ഇടവകവികാരിമാരോടു ചേർന്ന് അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിക്കുന്നതിനായി നിയമിക്കുന്നു. ഈ പ്രവർത്തനം അനുഗ്രഹപ്രദമായി തീരുവാൻ നിങ്ങൾ സഹകരിക്കണം, പ്രാർത്ഥിക്കണം.
നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരിലും വർദ്ധിച്ചു വരുമാറാകട്ടെ.

ക്രിസ്താബ്ദം 2008 ക്രിസ്തുമസ് നാളിൽ ഡൽഹി അരമനയിൽ നിന്നും

**ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ**